LIBRARY ARCHIVES Kerala Legislative Assembly

ഹൗസിംഗ് ബോർഡ് പുനഃസംഘടന

152 (4505) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡ് പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച ടാസ്ക് ഫോഴ്സ് സർക്കാരിന് നൽകിയ റിപ്പോർട്ടിൽ എന്തു ശുപാർശയാണ് നൽകിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) മേൽപ്പറഞ്ഞ ടാസ്ക് ഫോഴ്സിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) മാനേജ്മെന്റ് വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനും സർക്കാരിൽ നിന്നും മൈത്രി പദ്ധതിയുടെ സബ്സിഡി ഇനത്തിൽ ബോർഡിൽ നൽകാനുള്ള തുക നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ ഭവനനിർമ്മാണ മേഖലയിൽ നടപ്പാക്കേണ്ട വിവിധ പദ്ധതികൾ സംബന്ധിച്ച ശുപാർശകൾ നൽകുന്നതിനാണ് സർക്കാർ ടാസ്ക് ഫോഴ്സിനെ നിയോഗിച്ചത്. ഹൗസിംഗ് ബോർഡ് പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ടി ടാസ്ക് ഫോഴ്സ് സർക്കാരിന് നൽകിയ റിപ്പോർട്ടിലെ ശുപാർശകൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. *

(ബി) G.O.(MS)32/2006/Hsg. dated 19-10-2006 പ്രകാരമാണ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുള്ളത്. അംഗങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.*

(സി) ഈ വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

ചാലക്കുടിയിൽ ഷോപ്പിംഗ് കോംപ്ലക്സ്

153 (4506) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ ഹൗസിംഗ് കോളനിയോട് ചേർന്ന് വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് ഹൗസിംഗ് ബോർഡിന്റെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ & ബി) ഉണ്ട്. ദേശീയാടിസ്ഥാനത്തിൽ Build-Share-Transfer രീതിയിൽ ചാലക്കുടി ഹൗസിംഗ് സ്കീമിനോട് ചേർന്നുകിടക്കുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പലതവണ ദർഘാസുകൾ ക്ഷണിച്ചിരുന്നുവെങ്കിലും ഓഫറുകൾ ഒന്നും ലഭിച്ചില്ല. ആയതിനാൽ ദർഘാസ് വ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് പുനർ ദർഘാസ് പരസ്യം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

വടകരയിൽ ഹൗസിംഗ് ബോർഡ് കോളനി പണിയാൻ നിർദ്ദേശം

154 (4507) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിൽ ഹൗസിംഗ് ബോർഡിന്റെ കീഴിൽ ഹൗസിംഗ് കോളനി ഉപയോഗപ്രദമായ സ്ഥലത്ത് പണിയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വടകര പുതിയാപ്പ് സിദ്ധാശ്രമത്തിന് സമീപത്ത് ഹൗസിംഗ് ബോർഡ് നിർമ്മിച്ച എത്ര വീടുകൾ വിൽപ്പന നടത്തിയിട്ടുണ്ട് ; ഇനി എത്രയെണ്ണം ബാക്കിയുണ്ട്, ബാക്കിയുള്ളവയിൽ എത്രയെണ്ണം ഉപയോഗശൂന്യ മായവയുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വടകരയിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് അനുസരിച്ച് ഹൗസിംഗ് കോളനി പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) വടകരയിൽ സിദ്ധാശ്രമത്തിനു സമീപം ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയ പദ്ധതിയിൽ നിർമ്മിച്ച 41 വീടുകളും ലേല വിൽപ്പനയിലൂടെ വിറ്റുകഴിഞ്ഞു.

കലവറ വഴി വിതരണം ചെയ്ത മണൽ

155 (4508) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലവറ മുഖേന എത്ര ടൺ മണൽ വിതരണം ചെയ്തു ; ഏതെല്ലാം വിഭാഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ മണൽ വിതരണം ചെയ്തു വെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly